**"ഭരണഭാഷ- മാതൃഭാഷ"**

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശസ്വയംഭരണ വകുപ്പ് - ആലുവ നഗരസഭയ്ക്ക് ശുചിത്വ മിഷൻ മുഖേന അനുവദിച്ചിട്ടുള്ള തുകയിൽ നിന്നും UIDSSMT ഇനത്തിൽ ശേഷിക്കുന്ന തുകയിൽ നിന്നും നഗരസഭാ ജീവനക്കാരുടെ 2020 ഏപ്രിൽ, മെയ്, ജൂൺ മാസങ്ങളിലെ **ശമ്പളവും, പെൻഷനും** അനുവദിക്കുന്നതിനായി തുക ചെലവഴിക്കുന്നതിന് വ്യവസ്ഥകൾക്ക് വിധേയമായി അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**തദ്ദേശസ്വയംഭരണ (ഡി.സി) വകുപ്പ്**

G.O.(Rt)No.1011/2020/LSGD തീയതി,തിരുവനന്തപുരം, 29/05/2020

---

പരാമർശം:- ആലുവ നഗരസഭാ ചെയർപേഴ്സന്റെ 08.05.2020-ലെ കത്ത്

**<u>ഉത്തരവ്</u>**

2018-ലെ മഹാ പ്രളയം, 2019-ലെ വെള്ളപ്പൊക്കം എന്നിവ ഗുരുതരമായി ബാധിച്ച നഗരസഭയാണ് ആലുവ. കൊവിഡ്-19 നിർവ്യാപന/പ്രതിരോധ നടപടികളുടെ ഭാഗമായുള്ള വിവിധ പ്രവർത്തനങ്ങൾ നഗരസഭയുടെ നേതൃത്വത്തിൽ നടന്നു വരികയാണ്. നെടുമ്പാശ്ശേരി എയർപോർട്ടിന്റെ സമീപത്തുള്ള നഗരസഭ കൂടിയായതിനാൽ കൊവിഡ്-19 പ്രതിരോധ നടപടികളുടെ ഭാഗമായി ക്വാറന്റൈൻ കേന്ദ്രങ്ങളും ഇവിടെ പ്രവർത്തിക്കുന്നുണ്ട്. കൊവിഡ്-19 വ്യാപനവുമായി ബന്ധപ്പെട്ട് മാർച്ച് മാസത്തിൽ നിലവിൽ വന്ന ലോക്ഡൌൺ നഗരസഭയെ ഗുരുതര സാമ്പത്തിക പ്രതിസന്ധിയിലാക്കിയിട്ടുണ്ടെന്നും നഗരസഭയുടെ തനതു വരുമാനം ഏതാണ്ട് പൂർണ്ണമായി നിലച്ച അവസ്ഥയിലാണെന്നും ആലുവ നഗരസഭാ ചെയർപേഴ്സൺ പരാമർശ കത്ത് പ്രകാരം അറിയിച്ചിട്ടുണ്ട്. നിലവിൽ നഗരസഭയുടെ തനത് ഫണ്ട് ബാലൻസ് 5 ലക്ഷം രൂപയിൽ താഴെ മാത്രമാണെന്നും ജീവനക്കാരുടെ ശമ്പളം, പെൻഷൻ തുടങ്ങിയ അടിയന്തിര ചെലവുകൾക്കായി 85 ലക്ഷം രൂപയോളം നഗരസഭയ്ക്ക് പ്രതിമാസം ആവശ്യമാണെന്നും തനത് ഫണ്ടിന്റെ അപര്യാപ്തത മൂലം നഗരസഭാ പ്രവർത്തനങ്ങളെ സാരമായി ബാധിക്കുന്ന ഒരു അവസ്ഥാ വിശേഷത്തിലേയ്ക്കാണ് നഗരസഭാ നീങ്ങിക്കൊണ്ടിരിക്കുന്നതെന്നും ഈ സാഹചര്യത്തിൽ, നഗരസഭയ്ക്ക് ശുചിത്വ മിഷൻ വഴി അനുവദിച്ച 1,51,80,320/-രൂപയും 53,11,505/- രൂപയും UIDSSMT ഇനത്തിൽ ശേഷിക്കുന്ന 9,91,093/- രൂപയും, നിലവിലെ സാഹചര്യം മാറി നഗരസഭയുടെ തനത് വരുമാനം ലഭ്യമാകുന്ന മുറയ്ക്ക് ചെലവാകുന്ന തുക അതത് അക്കൌണ്ടിലേയ്ക്ക് തിരികെ നിക്ഷേപിക്കണമെന്ന വ്യവസ്ഥയിൽ, ശമ്പളം, പെൻഷൻ തുടങ്ങിയ അനിവാര്യ ആവശ്യങ്ങൾക്കായി ചെലവഴിക്കുന്നതിന് അനുമതി നൽകണമെന്ന് ആലുവ നഗരസഭ ചെയർപേഴ്സൺ പരാമർശം കത്ത് പ്രകാരം അഭ്യർത്ഥിച്ചിട്ടുണ്ട്.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കൊവിഡ്-19 വ്യാപനവുമായി ബന്ധപ്പെട്ട് സംസ്ഥാനത്ത് നിലനില്ക്കുന്ന അസാധാരണമായ സ്ഥിതിവിശേഷം കണക്കിലെടുത്തും കൊവിഡ്-19 പ്രതിരോധ നടപടികൾ, പ്രീ-മൺസൂൺ ശുചീകരണ പ്രവർത്തനങ്ങൾ തുടങ്ങി അടിയന്തിര പ്രാധാന്യമുള്ള കർത്തവ്യങ്ങൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ജീവനക്കാർ നിർവ്വഹിച്ചു വരുന്നതിനാലും ആലുവ നഗരസഭയ്ക്ക് ശുചിത്വ മിഷൻ മുഖേന അനുവദിച്ചിട്ടുള്ള തുകയിൽ നിന്നും UIDSSMT ഇനത്തിൽ ശേഷിക്കുന്ന തുകയിൽ നിന്നും നഗരസഭാ ജീവനക്കാരുടെ 2020 ഏപ്രിൽ, മെയ്, ജൂൺ മാസങ്ങളിലെ **ശമ്പളവും, പെൻഷനും** അനുവദിക്കുന്നതിന് തുക ചെലവഴിക്കാൻ താഴെപ്പറയുന്ന വ്യവസ്ഥകൾക്ക് വിധേയമായി അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

1. ഇപ്രകാരം ചെലവഴിക്കുന്ന തുക 6 മാസത്തിനകം അതത് അക്കൌണ്ടുകളിലേക്ക് തിരികെ നിക്ഷേപിക്കേണ്ടതാണ്.
2. അനുവദിച്ച പദ്ധതിക്കായി 6 മാസത്തിനുള്ളിൽ ചെലവഴിക്കാൻ സാദ്ധ്യതയില്ലാത്ത തുക മാത്രമേ ഇപ്രകാരം വിനിയോഗിക്കാവൂ.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
MINI MOL D
JOINT SECRETARY

ചെയർപേഴ്സൺ, ആലുവ നഗരസഭ
സെക്രട്ടറി, ആലുവ നഗരസഭ
നഗരകാര്യ ഡയറക്ടർ
എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വ മിഷൻ
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (A&E/ G&SSA/E& RSA) കേരള, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
ഡയറക്ടർ, ഐ&പി.ആർ.ഡി/ വെബ് & ന്യൂ മീഡിയ, തിരുവനന്തപുരം
കരുതൽ ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signature Not Verified
Digitally signed by SMITHA B CHANDRA
Date: 2020.05.29 18:12:15 IST
Reason: Approved
സെക്ഷൻ ഓഫീസർ

പകർപ്പ്:-

തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ. യ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ സി എ യ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് ജോയിന്റ് സെക്രട്ടറിയുടെ സി എ യ്ക്ക്